## സ്പേസ് പാർക്കിലെ നിയമനം

69 (78) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ ശ്രീമതി സ്വപ്ന സുരേഷിന് തന്ത്രപ്രധാനമായ സ്പേസ് പാർക്കിൽ സർക്കാർ നിയമനം നൽകിയിരുന്നോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കാമോ;

(ബി) ഇന്ത്യയിലെയും വിദേശത്തെയും ശാസ്ത്രജ്ഞന്മാരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സ്പേസ് പാർക്കിൽ ശ്രീമതി സ്വപ്ന സുരേഷിന് ജോലി നൽകിയത് മാനദണ്ഡങ്ങൾ പാലിച്ചാണോയെന്ന് വ്യക്തമാക്കാമോ;

(സി) നിരവധി കേസുകളിൽ പ്രതിയായ ശ്രീമതി സ്വപ്ന സുരേഷിനെ പോലീസ് വെരിഫിക്കേഷൻ നടത്തിയതിനുശേഷമാണോ തന്ത്രപ്രധാനമായ സ്പേസ് പാർക്കിൽ സർക്കാർ നിയമിച്ചതെന്ന് അറിയിക്കാമോ;

&

(ഡി) സ്പേസ് പാർക്കിൽ ശ്രീമതി സ്വപ്ന സുരേഷിന് ജോലി നൽകിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കൺസൾട്ടന്റുകളെ നിയോഗിക്കാറുണ്ട്. സ്പേസ് പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട കൺസൾട്ടന്റാണ് M/s. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (PWC). സ്പേസ് പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രസ്തുത കൺസൾട്ടന്റ് നിയോഗിച്ച വ്യക്തിയായിരുന്നു ശ്രീമതി സ്വപ്ന സുരേഷ്. ടി വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## കോഴിക്കോട്ടുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾ

70 (79) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള മലബാർ ബോട്ടാണിക്കൽ ഗാർഡൻ, സി.ഡബ്ല്യൂ.ആർ.ഡി.എം., സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നിവിടങ്ങളിൽ ഈ സർക്കാർ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങളും പുതിയ പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങൾ:-

1. സി.ഡബ്ല്യൂ. ആർ.ഡി.എം. :

(i) ബാച്ചിലേഴ്സ് ഹോസ്റ്റൽ - പരമാവധി 24 പേർക്ക് ഒരേ സമയം താമസിക്കാവുന്ന 12 മുറികളുള്ള മൂന്നുനില കെട്ടിടം. 484 ചതുരശ്ര മീറ്റർ (5210 ചതുരശ്ര അടി) വിസ്തീർണ്ണം. (ii) സോളാർ പവർപ്ലാന്റ് (325 വാട്ട്സ് ശേഷിയുള്ള 155 സോളാർ പാനലുകൾ) എന്നിവ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങളാണ് (iii) സി.ഡബ്ല്യൂ.ആർ.ഡി.എം. ക്യാമ്പസിൽ 2020-21 കാലയളവിൽ 4 നിലകളിലായി (2134 m2) ഒരു ട്രെയിനീസ് ഹോസ്റ്റൽ പണിയാൻ ഉദ്ദേശിക്കുന്നു.

2. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് :

ഗണിത അവബോധം വളർത്തുന്നതിനുവേണ്ടി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി വർക്ക്ഷോപ്പുകളും സെമിനാറുകളും സംഘടിപ്പിച്ചു, അന്താരാഷ്ട്ര തലത്തിലുള്ള കോൺഫറൻസും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു. ഇന്റഗ്രേറ്റഡ് M.Sc.-Ph.D കോഴ്സിന് 2020 ഡിസംബർ 18-ന് തുടക്കം കുറിച്ചു. കുന്ദമംഗലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 27,79,000 രൂപയ്ക്ക് കോഴ്സ് കാര്യക്ഷമമായി നടത്താൻ ആവശ്യമായ സ്മാർട്ട് ക്ലാസ്റൂം, കംപ്യൂട്ടർ സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ഡയറക്ടറേയും 2 അസിസ്റ്റന്റ് പ്രൊഫസർമാരെയും നിയമിച്ചിട്ടുണ്ട്.

3. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പുതുതായി ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

1. സ്കൂൾ ഓഫ് മാത്തമാറ്റിക്സിലെ നിലവിലുള്ള ലൈബ്രറിയെ Automated ലൈബ്രറി ആക്കി മാറ്റുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫാക്കൽറ്റി നിയമനത്തിനായി നടപടികളെടുത്തിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിച്ച പ്രൊഫസർമാരെ വിസിറ്റിംഗ് പ്രൊഫസർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ തലത്തിലും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അന്തർദേശീയ തലത്തിലും പേരുകേട്ട സ്ഥാപനങ്ങളുമായി കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന് ധാരണാപത്രം നിലവിലുണ്ട്. തുടർന്നും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്.

2. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ പഠന കോഴ്സുകൾ ആരംഭിച്ച സാഹചര്യത്തിൽ കുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് അവർക്ക് ആവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങൾ ഒരുക്കേണ്ടതിനാൽ പുതിയ ഹോസ്റ്റൽ നിർമ്മിക്കാൻ പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

## കൊച്ചി മെട്രോ റെയിൽ പദ്ധതി

71 (80) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ?

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം പ്രാരംഭ പ്രവൃത്തികളുടെ ഭാഗമായി നാലുവരി ചമ്പക്കര പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. പേട്ട-തൃപ്പൂണിത്തുറ മെട്രോപാതയുടെ ഒന്നാം ഘട്ടത്തിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. പേട്ട-തൃപ്പൂണിത്തുറ മെട്രോപാതയുടെ ഒന്നാംഘട്ടം ദീർഘിപ്പിക്കലിന്റെ നിർമ്മാണോദ്ഘാടനം 3-9-2020-ൽ നിർവ്വഹിക്കുകയും 1,066.62 കോടി രൂപ മുതൽമുടക്കി മൂന്ന് സ്റ്റേഷനുകളുമായി നിർമ്മാണ പ്രവർത്തനം വളരെ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം പനംകുറ്റി നദിക്ക് കുറുകെ രണ്ടുവരി പാതയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2017-ലെ മെട്രോ പോളിസി അനുസരിച്ച് കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് 1,957.05 കോടി രൂപ ചെലവ് കണക്കാക്കി സർക്കാർ 27-7-2018-ൽ അനുമതി നൽകി. 26-2-2019-ന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകി. 13-3-2020-ൽ കേന്ദ്ര ധനകാര്യ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly